Draft #2 of File 82651/AC B1-2/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 08-Sep-2021 12:06 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - കാതോലിക്കേറ്റ് കോളേജ് പത്തനംതിട്ട - ഡോ. ഫിലിപ്പോസ് ഉമ്മന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനാംഗീകാര കാലയളവ് ദീർഘിപ്പിച്ചത് - അംഗീ കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 4447/AC B 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 08.09.2021

---

*പരാമർശം:*-1.) മലങ്കര ഓർത്തോഡോക്സ് ചർച്ച് കോളേജസ് സെക്രട്ടറിയുടെ 18.08.2021 തീയതിയിലെ MOCC/AP(P)/1333/2021 നമ്പർ കത്ത്.

2.) 03.06.2021 തീയതിയിലെ 2585/AC B1/2021/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവ്.

**ഉത്തരവ്**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ബോട്ടണി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ഫിലിപ്പോസ് ഉമ്മന്റെ **ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ** നിയമനകാലാവധി 31.08.2021 വൈകുന്നേരം അവസാനിക്കുന്ന സാഹചര്യത്തിൽ, ടിയാൾക്ക് തുടർനിയമനാംഗീകാരം നൽകണമെന്ന് എം ഓ സി കോളേജുകളുടെ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

ടിയാളെ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ഡ്രോയിംഗ് & ഡിബേഴ്സിംഗ് ഓഫീസർ ആയി 01.06.2021 രാവിലെ മുതൽ 31.08.2021 വൈകുന്നേരം വരെ നിയമിച്ചത് പരാമർശം (2) പ്രകാരം സർവ്വകലാശാല അംഗീകരിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച്, പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ആയ ടി കോളേജിലെ ബോട്ടണി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ഫിലിപ്പോസ് ഉമ്മന്റെ നിയമനം 01.09.2021 രാവിലെ മുതൽ 30.11.2021 വൈകുന്നേരം വരെ മൂന്നു മാസത്തേക്കോ, ടി കോളേജിൽ ഒരു സ്ഥിരം പ്രിൻസിപ്പലിനെ നിയമിച്ചത് സർവകലാശാല അംഗീകരിക്കുന്നത് വരെയോ, ഏതാണോ ആദ്യം അത് വരെ ദീർഘിപ്പിക്കുന്നത്, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 45, ഭാഗം - E, സ്റ്റാറ്റ്യൂട്ട് 78 പ്രകാരമുള്ള വ്യവസ്ഥക്ക് വിധേയമായി, അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ,
കോട്ടയം.
3. സെക്രട്ടറി , മലങ്കര ഓർത്തോഡോക്സ് ചർച്ച് കോളേജസ് , കോട്ടയം.
4. ഡോ. ഫിലിപ്പോസ് ഉമ്മൻ , കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട .
5. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ
പ്രൈവറ്റ് സെക്രട്ടറി.
6. രജിസ്ട്രാറുടെ /പരീക്ഷ കൺട്രോളറുടെ പി എ.
7. സി ഡി 1 സെക്ഷൻ.
8. ഐ ക്യൂ എ സി / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
9. റെക്കോർഡ്സ് സെക്ഷൻ.
10. കരുതൽ ഫയൽ /ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 82651/AC B1-2/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 08-Sep-2021 12:06 PM - Page 2